# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## അരീക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 7/1077/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 29/06/2022
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 7/1077/2022 തീയ്യതി: 29/06/2022

## മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 18-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 26-04-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-04-2022 | 26-04-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുള്ള എ.സി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. നൗഷാദ് എ.കെ, ഓഡിറ്റർ
ശ്രീമതി. ഹുസ്ന വി.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ എംപി | പ്രസിഡന്റ് | 01-04-2020 | 06-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 07-11-2020 | 24-12-2020 |
| ശ്രീ ടി കെ അബ്ദുള്ള | പ്രസിഡന്റ് | 25-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുബൈർ സി പി | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ പി അരവിന്ദൻ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ ഷരീഫ് കെ സി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 12-07-2020 |
| ശ്രീ ഗിരീഷ് | അസിസ്റ്റന്റ് എഞ്ചിനിയർ | 13-07-2020 | 31-03-2021 |
| ശ്രീ ചന്ദ്രൻ എ കെ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ നജ്മുദ്ദീൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ഷിജു ജോയ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി വീണ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ സന്ധ്യ | വെറ്ററിനറി സർജൻ | 01-04-2020 | 24-02-2021 |
| ഡോ ലത എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ ജിതേഷ് | മെഡിക്കൽ ഓഫീസർ (അലോപതി) | 01-04-2020 | 06-01-2021 |
| ഡോ സ്മിത എ റഹ്മാൻ | മെഡിക്കൽ ഓഫീസർ (അലോപതി) | 07-01-2021 | 31-03-2021 |
| ഡോ വിവേക് വി ദേവൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 20-01-2021 |
| ഡോ അബ്ദുൽ ഗഫാർ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 21-01-2021 | 31-03-2021 |
| ഡോ നൗഫൽ | വെറ്ററിനറി സർജൻ | 25-02-2021 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം. | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം) | 1-4 |
| 5 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി തയ്യാറാക്കി | 1-5-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന. | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക ധനകാര്യ പത്രിക-അപാകതകൾ | 1-11 |
| 13 | എസ് എസ് എ വിഹിതം അടവാക്കൽ- വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-12 |
| 14 | ലേലം -തുക പൂർണ്ണമായും അടവാക്കിയില്ല-കുടിശ്ശിക നിലനിൽക്കുന്നു. | 1-13 |
| 15 | കെട്ടിട നിർമ്മാണം-ക്രമവൽക്കരണം-തുടർ നടപടി വിവരം ലഭ്യമാക്കിയിട്ടില്ല. | 1-14 |
| 16 | തൊഴിൽ നികുതി ഈടാക്കിയില്ല-മറ്റ് അപാകതകൾ | 1-15 |
| 17 | കെട്ടിട നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു-നികുതി നഷ്ടം സംഭവിക്കുന്നു. | 1-16 |
| 18 | വസ്തു നികുതി-കെട്ടിടത്തിൽ അനധികൃതമായി മാറ്റങ്ങൾ വരുത്തുന്നു. | 1-17 |
| 19 | ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചു. | 1-18 |
| 20 | ലാപ്ടോപ്പ് വിതരണം -അപാകതകൾ | 1-19 |
| 21 | ജല ജീവൻമിഷൻ - പഞ്ചായത്ത് വിഹിതം - വിനിയോഗ വിവരം ലഭ്യമല്ല. | 1-20 |
| 22 | ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നില്ല | 1-21 |
| 23 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-22 |
| 24 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല. | 1-23 |
| 25 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല. | 1-24 |
| 26 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല | 1-25 |
| 27 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-26 |
| 28 | കരിങ്കൽ പടവിന് (DR Masonry) അധിക നിരക്ക് നൽകി ₹ 5052 നഷ്ടം | 1-27 |
| 29 | അധികം നൽകിയ ₹ 9838 തിരിച്ചടവാക്കി | 1-28 |
| 30 | സെന്റർ നം 1 ടൗൺ അംഗൻവാടി സുസജ്ജമാക്കൽ ( 223/21 ) | 1-29-1 |
| 31 | വിയറ്റ്നാം കോളനി അംഗനവാടിക്ക് മുകളില് ഷീറ്റ് ഇടൽ ( 172/21 ) | 1-29-2 |
| 32 | GMUP സ്കൂൾ ഷീറ്റ് ഇടൽ പൂർത്തീകരണം ( 217/21 ) | 1-29-3 |
| 33 | തെറ്റായ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഷീറ്റ് റൂഫിംഗ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി – അധികച്ചെലവ്. | 1-29 |
| 34 | SOHSറോഡ് റി ടാറിംഗ് ( 116/21 ) | 1-30-1 |
| 35 | ദേശസേവിനി നിലക്കടവ് റോഡ് റി ടാറിംഗ് ( 120/21 ) | 1-30-2 |
| 36 | GHSS കാരിപ്പറമ്പ് റോഡ് റി ടാറിംഗ് ( 121/21 ) | 1-30-3 |
| 37 | നെളിയംതടം അംഗനവാടി സുസജ്ജമാക്കൽ( 266/21 ) | 1-30-4 |
| 38 | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 1-30 |
| 39 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്- അവലോകനം | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കരിങ്കൽ പടവിന് (DR Masonry) അധിക നിരക്ക് നൽകി ₹5052 നഷ്ടം | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തീയതി | ( പുതുക്കിയത്) തീരുമാന നം./ തിയ്യതി |
|---|---|
| 1 തിയതി 30.03.2020 | 2 തിയതി 25.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 25.05.2021 |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 55698517 |
| വരവ് | 90773908 |
| ആകെ | 146472425 |
| ചെലവ് | 82199286 |
| നീക്കിയിരിപ്പ് | 64273139 |

## 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 10297800 | 10297800 | 10297800 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 8139483 | 8139483 | 8030695 | 108788 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 8945000 | 8945000 | 8912289 | 32711 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3817988 | 3817988 | 3794007 | 23981 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 5160000 | 5160000 | 1294867 | 3865133 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 11051993 | 11051993 | 8296820 | 2755173 |
| ബി ഫണ്ട് | 0 | 49624880 | 49624880 | 49624880 | |

## 1-5-1 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സഉ (MS) 11/2018/ തസ്വഭവ തിയതി 29-01-2018 നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത് എന്ന് വ്യക്തമായി.

വാർഷിക പദ്ധതികൾ താഴെ പറയുന്ന നടപടികൾ പാലിച്ചാണ് തയ്യാറാക്കേണ്ടത് എന്ന് മേൽ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

1)പ്ലാൻ കോ-ഓർഡിനേറ്റർ - തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി പ്ലാൻ കോ-ഓർഡിനേറ്ററുടെ ചുമതല വഹിക്കണം.

2)എല്ലാ വർഷവും ആവശ്യമെങ്കിൽ വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിക്കുകയും ഭരണ സമിതി ഗ്രൂപ്പ് അംഗങ്ങളെ അംഗീകരിക്കുകയും ചെയർ പേഴ്സൺ, ഉപാദ്ധ്യക്ഷൻ, കൺവീനർ എന്നിവരെ നിശ്ചയിക്കുകയും വേണം.

3) വർക്കിംഗ് ഗ്രൂപ്പ് : 10 മുതൽ 15 വരെ അംഗങ്ങൾ , അംഗ സംഖ്യയുടെ 1/3 ആണ് ക്വാറം.

4)വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം : വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ ആദ്യ പൊതുയോഗത്തിൽ പ്രസിഡന്റ് മുൻ വർഷ പദ്ധതി വിലയിരുത്തുകയും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ നടപ്പുവർഷ മുൻഗണനകൾ വിശദീകരിക്കുകയും ചെയ്യണം.

5) വർക്കിംഗ് ഗ്രൂപ്പുകൾ യോഗങ്ങൾ ചേർന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക , മുൻവർഷ പ്രൊജക്ട് നടത്തിപ്പ് സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക എന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.

6)പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തുക.

7)ജനപ്രതിനിധികളുടെ യോഗം വിളിക്കുക.

8)പ്രൊജക്ട് അന്തിമമാക്കുക , വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ തയ്യാറാക്കുക

9)വികസന സെമിനാർ : വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദേശങ്ങൾ നൽകുക.

10)വികസന രേഖ ഭരണ സമിതി അംഗീകരിക്കുക , അടങ്കലും വകയിരുത്തലും തീരുമാനിക്കുക.

11) നിർവഹണോദ്യോഗസ്ഥൻ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം നേടുക.

12)പ്രൊജക്ടുകൾ മോണിറ്റർ ചെയ്യുക.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പദ്ധതി തയ്യാറാക്കി വിവിധ പ്രൊജക്ടുകൾക്ക് അംഗീകാരം നേടിയത് എന്ന് വ്യക്തമായി

• 2020-21 വർഷത്തിലെ പദ്ധതി തയ്യാറാക്കാനായി വർക്കിംഗ് ഗ്രൂപ്പുകൾ 07-01-2020, 25.02.20എന്നീ തിയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്

• മിക്ക വർക്കിംഗ് ഗ്രൂപ്പുകളും മിനുട്ട്സിൽ യോഗ തീരുമാനങ്ങൾ , ചർച്ചയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തിയ വർക്കിംഗ് ഗ്രൂപ്പുകളുടെ തീരുമാനങ്ങൾ പൂർണ്ണവുമല്ല.

• ഏതാനും പ്രൊജക്ട് നിർദേശങ്ങൾ രേഖപ്പെടുത്തിയതല്ലാതെ പ്രൊജക്ട് തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായ യാതൊരു പങ്കും വഹിച്ചതായി കാണുന്നില്ല.

• പ്രൊജക്ട് സംബന്ധിച്ച് പഠനം നടത്തുകയോ ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുകയോ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

• വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നും തന്നെ മുൻ പഞ്ചവത്സര കാലയളവിലെ പ്രൊജക്ടുകൾ അവലോകനം ചെയ്ത് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

• പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പങ്കെടുത്തവരുടെ വിവരങ്ങളോ തീരുമാനങ്ങളോ ലഭ്യമല്ല.

• 2020-21 ന് വർഷത്തേക്കുള്ള വികസന സെമിനാർ 25.02.20 ന് നടത്തിയിട്ടുണ്ടെങ്കിലും മിനുട്സിൽ യോഗ തീരുമാനങ്ങളോ, പദ്ധതി സംബന്ധിച്ച് നടത്തിയ ചർച്ചയുടെ വിശദ വിവരങ്ങൾ, നിർദേശങ്ങൾ, എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

• സ്ഥാപനം നടപ്പാക്കുന്ന പ്രൊജക്ടുകളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണെങ്കിലും പ്രസ്തുത ചുമതലയും നിറവേറ്റിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

പ്രൊജക്ട് തയ്യാറാക്കുന്നതിൽ മാർഗ്ഗരേഖ പൂർണ്ണമായും പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/26.04.22)മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി തയ്യാറാക്കുമ്പോൾ മാർഗ്ഗരേഖ പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 273 | 105698151 | 204 | 64783477 | 0 | 69 | 74.72 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 308 | 145180 | 145488 | 124307 | 21181 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 13786826 | 13786826 | 13786826 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽരഹിത വേതനം | 69480 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 4742700 | 1985 |
| വിധവാപെൻഷൻ | 17097000 | 6218 |
| വാർദ്ധക്യകാല പെൻഷൻ | 21447200 | 8819 |
| ഭിന്നശേഷി പെൻഷൻ | 5830500 | 2282 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 378000 | 143 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.04.22 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കാഷ് അതാതു ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനാൽ ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1 സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ എഴുതി തയ്യാറാക്കിയിട്ടില്ല.
2 സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.
3. ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷ്യൻ രജിസ്റ്ററിൽ തപാൽ കൈപ്പറ്റുമ്പോൾ പല സെക്ഷനുകളും തിയതി രേഖപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.02.22 | 01/2022 | 24.02.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.08.2013 | 2012-13 | 29.08.2013 |

## 1-11 വാർഷിക ധനകാര്യ പത്രിക-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ തൊഴിൽ നികുതി - ട്രേഡ്സ് ഇനത്തിലുള്ള തുകകൾ രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

2) ലൈസൻസ് ഫീസ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

3) വാർഷിക കണക്ക് പ്രകാരം കെട്ടിട പെർമിറ്റ് ഫീസ് ഇനത്തിൽ 184615/- രൂപയും റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 399768/-രൂപയും ഡിമാന്റും കളക്ഷനുമുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും, രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാലും തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

4) ലോൺ രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ Rp 32, B5 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല.

5) സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്തുയോ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

6) ലേലം രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസമുണ്ട്.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം |
| തൻവർഷം | 8108645 | 8108645 | 7310296 | 7300835 | 788906 | 789065 |
| കുടിശ്ശിക | 1234257 | 1335065 | 1046766 | 1042957 | 191300 | 192283 |

8) സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഇനത്തിൽ ലഭ്യമായ തുകകളുടെ വിവരങ്ങൾ , സംക്ഷിപ്തം എന്നിവ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

9) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

10) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 1911317 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 103917/- രൂപയും നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക മുൻവർഷത്തെ വാർഷിക കണക്കിലും നീക്കിയിരിപ്പായുള്ളതാണ്. എന്നാൽ ഈ ഉദ്ദേശത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ B-17, RP43(B) എന്നിവ പ്രകാരം 1000000/- രൂപയാണ് നീക്കിയിരിപ്പ്. B4, B17 ഷെഡ്യൂളുകളിലെ തുക വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

11) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-ഐ സി ഡി എസ് (Rs.975163/-), SSA(Rs.76581/-), Grants Funds& Contribution-Other Than Development Fund(Rs.1122314), Grants Funds& Contribution-Other Government Agencies(Rs.21713) എന്നിവ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

12) ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം CSS, SSS ഗ്രാന്റുകളിൽ വരവില്ല. എന്നാൽ ചുവടെ ചേർത്ത പ്രകാരം ചെലവും, നെഗറ്റിവ് നീക്കിയിരിപ്പും കാണുന്നു .

| CSS ഗ്രാന്റ് | | SSS ഗ്രാന്റ് | |
|---|---|---|---|
| ചെലവ് | നീക്കിയിരിപ്പ് | ചെലവ് | നീക്കിയിരിപ്പ് |
| 2214099 | -2214099 | 404416 | -404416 |

13) T S C ഇനത്തിൽ ഷെഡ്യൂൾ B4 ൽ 4667436 രൂപയും B-17 ൽ ആയതിന്റെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് 4744905 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . തുക വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 14/20-21/25.04.2022- മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-12 എസ് എസ് എ വിഹിതം അടവാക്കൽ- വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്റ്റിന്റെ പേര്
1. എസ് എസ് എ വിഹിതം അടവാക്കൽ -ജനറൽ (31/20-21)
2.എസ് എസ് എ വിഹിതം അടവാക്കൽ -എസ് സി (297/20-21)
ചെലവ് തുക - 1000000(ജനറൽ ) , 500000(എസ് സി)
ബിൽ നമ്പർ - 1/20-21 Dtd 25.09.20 & 3/20-21 Dtd 09.02.21

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റുകൾക്ക് മേൽ ബില്ലുകൾ പ്രകാരം തുക ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. 1500000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും ഓരോ ചെലവിന്റെയും വിശദവിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തുക ചെലവഴിച്ചതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല. ചെലവ് ചെയ്ത തുകയുടെ വിശദവിവരങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/23.04.22)ചെലവ് തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി എസ് എസ് എ പ്രോജക്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-13 ലേലം -തുക പൂർണ്ണമായും അടവാക്കിയില്ല-കുടിശ്ശിക നിലനിൽക്കുന്നു.

പഞ്ചായത്തിന്റെ 2020-21സാമ്പത്തിക വർഷത്തെ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ "തൂണുകളിൽ പരസ്യം പതിക്കൽ" എന്ന ഇനത്തിന് ലേലം കൊണ്ട നൗഷാദ് എം എന്ന വ്യക്തി 26000/- രൂപ അടവാക്കാൻ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലേല തിയതി | ലേലം കൊണ്ട വ്യക്തി | തുക | അടവ് | ബാക്കി |
|---|---|---|---|---|
| 22/02/20 | നൗഷാദ് എം | 310000/- | 5000 (Deposit) | 26000 |

നാളിതുവരെയായി തുക അടവാക്കാത്തതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 18/25.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 കെട്ടിട നിർമ്മാണം-ക്രമവൽക്കരണം-തുടർ നടപടി വിവരം ലഭ്യമാക്കിയിട്ടില്ല.

2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ശ്രീ.യഅ്ക്കൂബ്, ശ്രീ.അയ്യൂബ് എന്നിവരുടെ ഉടമസ്ഥതയിൽ 326/5,326/5-1 എന്നീ റീസർവ്വെ നമ്പറിലുള്ള 3.8 ആർ സ്ഥലത്ത് പെർമിറ്റ് എടുക്കാതെ നിർമ്മാണം

പൂർത്തീകരിച്ച 344.12 M2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം, കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിക്കിക്കുകയും ആയത് ക്രമവൽക്കരിച്ച് 6/836 A മുതൽ N വരെയുള്ള നമ്പർ നൽകിയിട്ടുള്ളതായും പരാമർശിച്ചിരുന്നു. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (8/23.04.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിനു പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയില്ല-മറ്റ് അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**I)** ലഭ്യമാക്കിയ അറ്റന്റൻസ് രജിസ്റ്റർ പ്രകാരം അരീക്കോട് താലൂക്ക് ആശുപത്രിയിൽ ചുവടെ ചേർത്ത ആളുകൾ, NHM/ താത്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ 2020-21ൽ ജോലി ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ എന്നിവ പ്രകാരം ടി ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതികൾ സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയിട്ടില്ല. രണ്ട് അർദ്ധ വർഷത്തിലും ആശുപത്രി സൂപ്രണ്ട് സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിലും ആശുപത്രിയിലെ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി അടവാക്കുന്നു എന്നാണ് വ്യക്തമാക്കിയത്. എന്നാൽ യഥാർത്ഥത്തിൽ ആശുപത്രിയിലെ ദിവസവേതന/താത്കാലിക ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല എന്നത് വ്യക്തമാണ്.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1. | ഡോ. ബിൻസിയ ഫർഹത്ത് | ഡോക്ടർ | I, II |
| 2. | ഡോ. ജഹാംഗീർ എം | ഡോക്ടർ (മെയ് 2020 മുതൽ) | I, II |
| 3. | ഡോ. രാധിക എ.കെ | ഡോക്ടർ (ഡിസംബർ 2020 മുതൽ) | II |
| 4. | ശ്രീമതി. ഹസീന എം | ഫാർമസിസ്റ്റ് | I, II |
| 5. | ശ്രീമതി. സമീറ കെ | ഫാർമസിസ്റ്റ് | I, II |
| 6. | ശ്രീമതി. ദൃശ്യ വി.കെ | ഫാർമസിസ്റ്റ് | I, II |
| 7. | ശ്രീമതി. ദൃശ്യ | ഫാർമസിസ്റ്റ് | I, II |
| 8. | ശ്രീമതി. ഷഹനാസ് | ഫാർമസിസ്റ്റ് | I, II |
| 9. | ശ്രീ.സതീഷ് സി.പി | സ്റ്റാഫ് നഴ്സ് | I, II |
| 10. | ശ്രീമതി. അനന്യ പി | സ്റ്റാഫ് നഴ്സ് | I, II |
| 11. | ശ്രീമതി. വസീഫ സി.പി | നഴ്സിംഗ് അസിസ്റ്റന്റ് | I, II |
| 12. | ശ്രീ. ഭാസ്കരൻ | നഴ്സിംഗ് അസിസ്റ്റന്റ് | I, II |
| 13. | ശ്രീമതി. ജയിനി ജയിംസ് | സ്കൂൾ ഹെൽത്ത് നഴ്സ് | I, II |
| 14. | ശ്രീമതി. വിധുല ഭായ് | സ്കൂൾ ഹെൽത്ത് നഴ്സ് | I, II |
| 15. | ശ്രീ. ദിലീപ് | ഫിസിയോ തെറപ്പിസ്റ്റ് | I, II |
| 16. | ശ്രീമതി. ലിൻസി സി | അപ്രന്റിസ്(ജൂലൈ 2021 വരെ) | I, II |
| 17. | ശ്രീമതി. ജിജിമോൾ | ലാബ് ടെക്നീഷ്യൻ | I, II |
| 18. | ശ്രീ. ലീനീഷ് കെ.പി | ലാബ് ടെക്നീഷ്യൻ | I, II |
| 19. | ശ്രീമതി. ഷിഫ | ലാബ് ടെക്നീഷ്യൻ | I, II |
| 20. | ശ്രീമതി. സലീന കെ.പി. | RNTCPLT | I, II |
| 21. | ശ്രീ. രാജൻ എം | HMC ക്ലർക്ക് | I, II |
| 22. | ശ്രീമതി. അനീഷ വി | DTPO | I, II |
| 23. | ശ്രീ. അഹമ്മദ് ജാബിർ എൻ | DTPO | I, II |
| 24. | ശ്രീ. ആന്റണി. വി.സി | സെക്യൂരിറ്റി | I, II |
| 25. | ശ്രീ. മോഹനൻ കെ | സെക്യൂരിറ്റി | I, II |
| 26. | ശ്രീമതി. ഷിബ എൻ | സെക്യൂരിറ്റി | I, II |
| 27. | ശ്രീമതി. രജനി എ | ക്ലീനിംഗ് സ്റ്റാഫ് | I, II |

**II)** കൂടുതൽജോലിക്കാരുള്ളതായി ഡി&ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനം | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1. | 16 | പംപ്കിൻ റെസ്റ്ററന്റ് | 8 |
| 2. | 17 | ന്യൂ ജോളി ഹോട്ടൽ | 6 |
| 3. | 65 | AM ഹോണ്ട ടു വീലർ ഷോപ്പ് | 8 |
| 4. | 74 | VPM പെട്രോളിയം-പെട്രോൾ പമ്പ് | 10(മൂന്ന് പേരുടേത് മാത്രമാണ് ഈടാക്കിയത്) |
| 5. | 108 | VKM ഹൈപ്പർ മാർക്കറ്റ് | (ജോലിക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല) |
| 6. | 117 | ജോളി മന്തി | 5 |
| 7. | 127 | ദയ കമ്പയിൻസ് | 5 |
| 8. | 130 | Taka വുഡ് ഇൻഡസ്ട്രി(100HP) | 7 |
| 9. | 131 | Acosta ഇന്റീരിയോ(50HP) | 9 |
| 10. | 164 | MPB പെട്രോളിയം | 5 |
| 11. | 175 | Taka പാനൽസ്-പ്ലൈവുഡ്(110HP) | 12 |
| 12. | 176 | Taka ബോർഡ്സ്(50HP) | 9 |
| 13. | 190 | ഹോം ക്യു ഇലക്ട്രിക്കൽ-പ്ലംബിംഗ് | 6 |
| 14. | 268 | എംപീസ് പെട്രോളിയം | 8 |

**III)** ചുവടെ ചേർത്ത ജീവനക്കാർ വിരമിച്ച തിയ്യതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 60 ദിവസം ജോലി ചെയ്ത ശേഷമാണ് ടി ജീവനക്കാർ വിരമിച്ചത്. എന്നാൽ ഇവരിൽ നിന്ന് ചട്ടപ്രകാരമുള്ള തൊഴിൽ നികുതികൾ 2020-21 ഒന്നാം/

രണ്ടാം അർദ്ധ വർഷത്തിൽ ഈടാക്കിയതായി കാണുന്നില്ല. ജീവനക്കാരുടെ തസ്തിക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | സ്ഥാപനം | വിരമിച്ച തിയ്യതി | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|
| 1 | ശ്രീമതി. വിജയലക്ഷ്മി ടി | GMUPS അരീക്കോട് | 31.07.2020 | I |
| 2 | ശ്രീമതി. റംലത്ത് വി | KALAM ALPS വെള്ളേരി | 31.05.2020 | I |
| 3 | ശ്രീ. അബ്ദുൽ ഗഫൂർ സി | സുല്ലമുസ്സലാം അറബിക് കോളേജ് | 31.05.2020 | I |
| 4 | ശ്രീ. കുഞ്ഞോയി | ഗവ. ഐ.ടി.ഐ അരീക്കോട് | 31.05.2020 | I |
| 5 | ശ്രീ. ബാബു എ | ഗവ. ഐ.ടി.ഐ അരീക്കോട് | 31.05.2020 | I |
| 6 | ശ്രീമതി. വസന്തകുമാരി | അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | 18.01.2021 | II |

**IV)** താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അതാത് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതികൾ ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഈടാക്കാത്തതിന് കാരണം രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.

(1) രജിത വി, GMLPS അരീക്കോട് - രണ്ടാം അർദ്ധ വർഷം അടച്ചില്ല

(2) ശ്രീദേവി.വി, GHSS അരീക്കോട്(+2)- ഒന്ന് , രണ്ട് അർദ്ധ വർഷം അടച്ചില്ല

(3) ഫാത്തിമ ഇ, GMUPS മുണ്ടമ്പ്ര- രണ്ടാം അർദ്ധ വർഷം അടച്ചില്ല

**V)** തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ അർദ്ധ വാർഷിക ശമ്പളം കൃത്യമായി രേഖപ്പെടുത്തുകയോ ജീവനക്കാരുടെ തസ്തിക രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങളിലെ നിരവധി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതികൾ ഈടാക്കിയിട്ടില്ല എന്നത് ഗൗരവതരമായ അപാകതകയാണ്. മേൽ സ്ഥാപനങ്ങൾ/ജീവനക്കാർ അതാത് തൊഴിൽ നികുതികൾ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 05/2020-21/21.04.2022- മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 കെട്ടിട നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു-നികുതി നഷ്ടം സംഭവിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ, 17.03.2020ന് ശ്രീ.വി.കെ ബഷീർ എന്ന വ്യക്തി വി.കെ.എം ഹൈപ്പർ മാർക്കറ്റ് എന്ന സ്ഥാപനത്തിന് ലൈസൻസിന് അപേക്ഷിച്ചത് പ്രകാരം ടിയാന് 01.04.2020ന് A3-1990/20-21/108ലൈസൻസ് അനുവദിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

ശ്രീ. വള്ളക്കാട്ടുതൊടി ബഷീർ, അലവി എന്നിവരുടെ ഉടമസ്ഥതയിലുള്ള, 6/63D മുതൽ 6/63N വരെ കെട്ടിട നമ്പറുകളിലാണ് സ്ഥാപനം നടത്തുന്നതെന്നാണ് അപേക്ഷകൻ രേഖപ്പെടുത്തിയതും ആയത് പ്രകാരമാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചതും. കെട്ടിടത്തിന്റെ നികുതി, തരം, വിസ്തീർണ്ണം എന്നിവയും അനുബന്ധിച്ച് വരുന്ന കെട്ടിട നമ്പറുകളും സഞ്ചയയിൽ പരിശോധിച്ചതിൽ, 6/63A,B,C , 6/63 O, P എന്നിവയും ടിയാന്റെ ഉടമസ്ഥതയിലുള്ളതാണ് എന്ന് കാണുന്നു. ലൈസൻസ് അനുവദിച്ച കെട്ടിട നമ്പറുകൾ എല്ലാം തന്നെ 'വാണിജ്യ ആവശ്യത്തിനുള്ള 100ച.മീ.മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ അവയുടെ നികുതി നിരക്കായ 55രൂപ/ച.മീ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുള്ളവയാണ്. എന്നാൽ 6/63 O, P എന്നിവ 'വാണിജ്യാവശ്യത്തിനുള്ള200 ച.മീ.ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചവയാണ്.

ലൈസൻസ് അനുവദിച്ച കെട്ടിട നമ്പറുകൾ എല്ലാം കൂടി ആകെ 200 ച.മീ.ന് മുകളിൽ വിസ്തീർണ്ണമുണ്ട്. 200 ച.മീ.ന് മുകളിൽ വിസ്തീർണ്ണത്തിൽ സൂപ്പർ/ഹൈപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നതിനാൽ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ തരം പരിശോധിച്ച് സഞ്ചയയിൽ കെട്ടിടത്തിന്റെ തരവും വസ്തു നികുതിയും 'വാണിജ്യാവശ്യത്തിനുള്ള200 ച.മീ.ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി അവയുടെ നികുതി നിരക്കായ 75രൂപ/ച.മീ നിരക്കിൽ പുതുക്കി നിർണ്ണയിക്കേണ്ടതായിരുന്നു. മേൽ നടപടി സ്വീകരിക്കാതെ വന്നതിനാൽ ചട്ടലംഘനത്തോടൊപ്പം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവും സംഭവിക്കുന്നുണ്ട്.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

മേൽ പരാമർശിച്ച കെട്ടിട നമ്പറുകളിൽ ഏതൊക്കെ കെട്ടിട നമ്പറുകളിലാണ് മേൽ ഹൈപ്പർമാർക്കറ്റ് എന്ന സ്ഥാപന പ്രവർത്തിക്കുന്നത് എന്നത് പരിശോധിക്കുകയും ആയതിനനുസരിച്ച് കൃത്യമായ നികുതി പുതുക്കി നിർണ്ണയിക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 11/20-21/27.04.2022- മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-17 വസ്തു നികുതി-കെട്ടിടത്തിൽ അനധികൃതമായി മാറ്റങ്ങൾ വരുത്തുന്നു.

2020-21 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഫയലുകൾ പരിശോധിച്ചതിൽ, ശ്രീ. മണ്ണിൽതൊടി ഖാലിദ് , S/O ഉണ്ണിമോയിൻ എന്നവർക്ക് ഏറനാട് താലൂക്കിൽ അരീക്കോട് വില്ലേജിൽ 31/262/3 സർവ്വേ നമ്പറിലുള്ള 32 സെന്റ് (1294.7ച.മീ.) വിസ്തീർണ്ണമുള്ള സ്ഥലത്ത് 27.07.2014ൽ 152/2014 നമ്പറിൽ, ഷോപ്പ് കെട്ടിടം/കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. 07.07.2016ന് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിൽ ചതുരശ്ര മീറ്ററിന് 55 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച്, 4/99 A മുതൽ 4/99 O വരെയുള്ള നമ്പറുകൾ അനുവദിച്ചിട്ടുമുണ്ട്. കെട്ടിടം സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ തറ വിസ്തീർണ്ണം : 477.1ച.മീ(185.6GF+270.1FF+21.4Stair Room), സെല്ലാർ ഫ്ലോർ-82.3ച.മീ)

കാർപ്പറ്റ് വിസ്തീർണ്ണം : 357.8ച.മീ.

കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിൽ 239.7ച.മീ വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടവും 316.4ച.മീ വിസ്തീർണ്ണമുള്ള മറ്റൊരു വാണിജ്യ കെട്ടിടവും 24.4ച.മീ വിസ്തീർണ്ണമുള്ള പോർച്ച് കെട്ടിടവും നിലവിലുണ്ട്.

11.02.2021ലെ ഉടമസ്ഥന്റെ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ(A5-814/21), കെട്ടിടം വാർഡ് ക്ലർക്ക്(B4 സെക്ഷൻ) നേരിട്ട് പരിശോധിച്ച് കെട്ടിടത്തിലെ 4/99J മുതൽ 4/99 O വരെയുള്ള മുറികൾ പ്ലാൻ പ്രകാരം തന്നെ നിലവിലും പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നതായി റിപ്പോർട്ട് ചെയ്തത് പ്രകാരം 12.03.21ന് മേൽ കെട്ടിട നമ്പറുകൾ ലോഗ്ഷ് ഗണത്തിൽ ഉൾപ്പെടുത്തി തരം മാറ്റം വരുത്തി ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിൽ നികുതി പുതുക്കി നിർണ്ണയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഓവർസീയർ, ക്ലർക്ക് എന്നിവരുടെ സാന്നിദ്ധ്യത്തിൽ 26.04.2022ന് കെട്ടിടം ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾചുവടെ ചേർക്കുന്നു.

1) കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോറിൽ 5 കാർ പാർക്കിംഗ് ആണ് ഒരുക്കിയിരിക്കുന്നത്. എന്നാൽ നിലവിൽ ഈ 5 പാർക്കിംഗുകളും വാതിലുകളും ഷട്ടറുകളും സ്ഥാപിച്ച് കടമുറികളാക്കി മാറ്റിയിട്ടുണ്ട്. ആയതിൽ ക്ലിനിക്കുകളും കടകളും പ്രവർത്തിക്കുന്നുണ്ട്.

2) കെട്ടിടത്തിന്റെ രണ്ടാം നില ആകെ 14.8x16 മീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇത് വിവിധ മുറികളാക്കി തിരിക്കുകയും ചെയ്തിട്ടുണ്ട്.

3) പ്ലോട്ടിൽ നിലവിലുള്ള മറ്റൊരു വാണിജ്യ കെട്ടിടവും മൂന്ന് നിലകൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്.

ഇത് സംബന്ധിച്ച് ചുവടെ ചേർത്ത വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1) കണ്ടെത്തിയ വിവരം ക്രമ നം 1ൽ പരാമർശിച്ച, പാർക്കിംഗ് ഏരിയയിലെ/ സെല്ലാർ ഫ്ലോറിലെ കടമുറികൾക്ക് ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ചിട്ടുള്ളതാണോ ? കെട്ടിട നമ്പർ, നികുതി വിവരങ്ങൾ(ഫോം6) ലഭ്യമാക്കുക

2) മേൽ കടമുറികളിൽ പ്രവർത്തിക്കുന്ന കടകൾക്ക്/ക്ലിനിക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ? ലൈസൻസ് വിവരങ്ങൾ ലഭ്യമാക്കുക

3) കണ്ടെത്തിയ വിവരം ക്രമ നം2ൽ പരാമർശിച്ച മൂന്നാം നിലയിലെ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് പെർമിറ്റോ നമ്പറോ അനുവദിച്ചിട്ടുണ്ടോ? കെട്ടിട നമ്പർ, നികുതി വിവരങ്ങൾ(ഫോം6) ലഭ്യമാക്കുക.

4) പ്ലോട്ടിൽ നിലവിലുള്ള മറ്റൊരു വാണിജ്യ കെട്ടിടത്തിന്റെ മൂന്ന് നിലകൾക്കും ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ചിട്ടുള്ളതാണോ? ഓരോ നിലകളിലെയും കെട്ടിട നമ്പർ, നികുതി വിവരങ്ങൾ(ഫോം6) ലഭ്യമാക്കുക.

പ്ലോട്ടിൽ അനധികൃത നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം പാലിക്കുന്നുവെങ്കിൽ കെട്ടിട നിർമാണം ക്രമവൽകരിച്ച് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും കെട്ടിടം പ്രവർത്തനക്ഷമമായതു മുതൽ ക്രമവൽകരണം നടത്തുന്നതു വരെ കെട്ടിടത്തിന് U/A നമ്പർ നൽകി ചട്ടപ്രകാരമുള്ള മൂന്ന് ഇരട്ടി നികുതി ഈടാക്കേണ്ടതുമുണ്ട്. അല്ലായെങ്കിൽ നിയമപരമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 22/20-21/27.04.2022- മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-18 ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചു.

1) ചുവടെ ചേർത്ത കെട്ടിടത്തിന്റെ പ്ലാനിൽ പാർക്കിംഗ് രേഖപ്പെടുത്തിയത് പ്രകാരം ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ ലഭ്യമാവുന്നില്ല.

| കെട്ടിട ഉടമ, കെട്ടിട നമ്പർ, | സ്ഥലം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നമ്പർ അനുവദിയച്ച/ക്രമവൽക്കരിച്ച തിയതി |
|---|---|---|---|
| ശ്രീ. സാജിദ്, അബൂബക്കർ. 8/305 A മുതൽ H വരെ, | റി.സ. നം-31/503/9-4 | 219.8ച.മീ | 20.01.21 OR 02.02.2021 |

കെട്ടിടത്തിലേക്ക് ചട്ടപ്രകാരം ആവശ്യമായ 3 കാർ പാർക്കിംഗുകൾ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയത് ഒരു വാഹനത്തിന് പിറകിലായിട്ടാണ് മറ്റൊരു വാഹനം പാർക്ക് ചെയ്യുന്നത്. KPBR 2019ചട്ടം 29(4) പ്രകാരം ഒരു വാഹനം മാറ്റാതെ തന്നെ മറ്റ് വാഹനങ്ങൾ പ്രവേശിക്കുന്നതിനും തിരിക്കുന്നതിനുമുള്ള മതിയായ സൗകര്യം പാർക്കിംഗ് ഏരിയയിൽ വേണമെന്നിരിക്കെ ചട്ടപ്രകാരമുള്ള കാർ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താത്ത കെട്ടിടം റഗുലറൈസ് ചെയ്ത് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) ശ്രീമതി സൈനബ& പാത്തുമ്മകുട്ടി എന്നവർ ഏറനാട് താലൂക്കിൽ അരീക്കോട് വില്ലേജിൽ 327/8,9 സർവ്വേ നമ്പറിലുള്ള 230ച.മീ. വിസ്തീർണ്ണമുള്ള സ്ഥലത്ത് 162.34ച.മീ വിസ്തീർണ്ണമുള്ള ഇരുനില ഷോപ്പ് കെട്ടിടം/കൊമേഴ്സ്യൽ കെട്ടിടം നിർമ്മിച്ചത് 6/825A മുതൽ H വരെ നമ്പറുകൾ നൽകി 30-10-2020ന് ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ പിറക് വശം തൊട്ടടുത്ത പ്ലോട്ടിന്റെ അതിരിനോട് ചേർന്ന് നിർമ്മാണം നടത്തയതിന് സമ്മത പത്രവും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ പ്ലാനിൽ പാർക്കിംഗ് രേഖപ്പെടുത്തിയത് പ്രകാരം ഒരു വാഹനത്തിന് പിറകിലായിട്ടാണ് മറ്റൊരു വാഹനം പാർക്ക് ചെയ്യുന്നത്. ഇത് പ്രകാരം ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ ലഭ്യമാവുന്നില്ല. ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഓവർസീയർ, ക്ലർക്ക് എന്നിവരുടെ സാന്നിദ്ധ്യത്തിൽ 26.04.2022ന് കെട്ടിടം ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

ചട്ടം 29(4) പ്രകാരം 3മീറ്റർ വീതിയുള്ള വഴി സൗകര്യം പാർക്കിംഗിലേക്ക് വേണമെന്നിരിക്കെ കെട്ടിത്തിന്റെ പാർക്കിംഗിലേക്കുള്ള റോഡ് മെയിൻ റോഡിലേക്ക് തുറക്കുന്ന ഭാഗങ്ങളിൽ 2.30 മീറ്റർ, 2.50 മീറ്റർ എന്നിങ്ങനെയാണ് വീതിയുള്ളത്. മറുഭാഗത്ത് 2.6 മീറ്ററുമാണ് റോഡിന്റെ വീതി. ചട്ടപ്രകാരമുള്ള കാർ പാർക്കിംഗ് /വഴി സൗകര്യം ഏർപ്പെടുത്താത്ത കെട്ടിടം റഗുലറൈസ് ചെയ്ത് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 23/20-21/27.04.2022- മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-19 ലാപ്ടോപ്പ് വിതരണം -അപാകതകൾ

20-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ( 19/21 ) എന്ന പ്രൊജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ അധികത്തുക നൽകി ലാപ് വാങ്ങിയതുൾപ്പെടെയുള്ള വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2020 ലെ ഡി.എ1/363/2019 നമ്പർ സർക്കുലർപ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടറിന്റെ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉബുണ്ടു അധിഷ്ഠിത ലാപ്ടോപ്പിന് ₹22895 ഉം Windows അധിഷ്ഠിത ലാപ്ടോപ്പിന് ₹ 27722ആണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. CPRCS പോർട്ടൽ മുഖേന ലാപ്ടോപ്പ് ലഭ്യമാകാതിരിക്കുകയാണെങ്കിൽ മേൽ പരാമർശിച്ച വിലയിൽ അധികരിക്കാതെ ലാപ്ടോപ്പ് പുറമെ നിന്നുള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിനും മേൽ സർക്കുലറിൽ അനുമതി നൽകിയിട്ടുണ്ട്.

20-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ( 19/21 ) എന്ന പ്രൊജക്ട് പ്രകാരം ആവശ്യമായ ലാപ്ടോപ്പുകൾ CPRCS പോർട്ടലിൽ ലഭ്യമല്ലാത്തതിനാൽ ഓപ്പൺ

ടെണ്ടർ മുഖേന പഞ്ചായത്ത് നേരിട്ട് വാങ്ങുകയാണ് ചെയ്തത്.

ടെണ്ടർ പ്രകാരം BEST INDIA COMPUTER SHOPPE എന്ന സ്ഥാപനം ക്വോട്ട് ചെയ്ത ₹ 38700 വിലയുള്ള Lenovo Model S-145 എന്ന ലാപ്ടോപ്പ് ആണ് പഞ്ചായത്ത് വാങ്ങിയിട്ടുള്ളത്. ( Windows അധിഷ്ഠിതം )

ആകെ 7 ലാപ്ടോപ്പുകൾ വിതരണം ചെയ്തതിന് ₹ 270900 മേൽ സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

(ബിൽ നം 20150952025501220809/10.03.2021 ) .

പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ താഴെ നൽകുന്നു.

1) സർക്കാർ സർക്കുലർ പ്രകാരം Windows അധിഷ്ഠിത ലാപ് ടോപ്പിന് ഒന്നിന് ₹27722 ആയിരുന്നു നൽകാമായിരുന്നത്. എന്നാൽ സർക്കാർ അംഗീകരിച്ചതിലും അധിക വില നൽകിയാണ് ലാപ്ടോപ്പ് വാങ്ങിയത്.

2) സർക്കാർ അംഗീകരിച്ച മിഡിൽ ലവൽ സ്പെസിഫിക്കേഷനെക്കാൾ ഉയർന്ന സ്പെസിഫിക്കേഷനുള്ള ലാപ്ടോപ്പാണ് പഞ്ചായത്ത് വാങ്ങിയത് . ഇത് അധികച്ചെലവിന് കാരണമായി.

3) വിതരണം ചെയ്യപ്പെട്ട കമ്പ്യൂട്ടറുകളുടെ സ്പെസിഫിക്കേഷൻ ക്ഷമതയുള്ള കംപ്യൂട്ടർ വിദഗ്ധനെക്കൊണ്ട് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ലാപ്ടോപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികളുടെ വിവരം , നൽകിയ ലാപ്ടോപ്പിന്റെ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5)ലാപ്ടോപ്പ് വിതരണം ചെയ്ത സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല, സ്ഥാപനത്തിൽനിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയ വിവരവും ഫയലിൽ ലഭ്യമല്ല.

6) ആകെ 7 ലാപ്ടോപ്പുകളാണ് വാങ്ങിയത് എങ്കിലും ഫയലിൽ ലഭ്യമായ കൈപ്പറ്റ് രേഖകൾ പരിശോധിച്ചതിൽ 13 എണ്ണം വിതരണം ചെയ്തതായി കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/25.04.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നത്വരെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-20 ജല ജീവൻമിഷൻ - പഞ്ചായത്ത് വിഹിതം - വിനിയോഗ വിവരം ലഭ്യമല്ല.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ജല ജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ- പഞ്ചായത്ത് വിഹിതം ( 264/21 ) പദ്ധതിയുടെ ഭാഗമായി വിവിധ ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള ഗ്രാമപ്പഞ്ചായത്ത് വിഹിതം , ഗുണഭോക്തൃ വിഹിതം ഇനങ്ങളിലായി ₹1900000 പഞ്ചായത്തിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. ( വൗച്ചർ നമ്പർ 22000973/28.03.2021 ₹ 1150000, 22000974/28.03.2021 ₹ 750000 )

പ്രൊജക്റ്റ് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) തുക പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനം തുക കൈപ്പറ്റിയതിന് പഞ്ചായത്തിന് യാതൊരു രേഖയും നൽകിയിട്ടില്ല.

2) പതിമൂന്നാം പഞ്ചവത്സര പദ്ധതി പദ്ധതി മാർഗ്ഗരേഖ പ്രകാരം ( GO(MS) 11/2018/LSGD Dt 29.01.2018 ) നിർവഹണോദ്യോഗസ്ഥൻ നേരിട്ടല്ലാതെ നടത്തുന്ന എല്ലാ മരാമത്ത് പ്രവൃത്തികളിലും നിർവഹണ ഏൻസിയുമായി തദ്ദേശ സ്വയംഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം പണം നൽകിയ കേരള വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.

3) പണം കൈമാറി ഒരു വർഷത്തിലധികമായിട്ടും കേരള വാട്ടർ അതോറിറ്റി കൈപ്പറ്റിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകൾ പരിശോധനക്ക് ഹാജറാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എങ്കിൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത്വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.
(മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 29/ 28.04.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രൊജക്റ്റുകൾ പ്രകാരം ഒരിക്കൽ നൽകിയവർക്ക് വീണ്ടും നൽകാൻ പാടില്ല എന്ന് വ്യക്തമായി നിർദ്ദേശിക്കപ്പെട്ട വിവിധ വ്യക്തിഗതാനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

2020-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ വിവിധ ധനസഹായ പ്രൊജക്റ്റുകൾ താഴെ നൽകുന്നു

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | ചെലവ് |
|---|---|---|
| 19 | എസ് സി ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം | 270900 |
| 20 | വിവാഹ ധനസഹായം (എസ്സി) | 750000 |
| 21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 800000 |
| 22 | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് | 199470 |
| 140 | വിവാഹ ധനസഹായം (എസ്.സി) | 375000 |
| 142 | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ | 200000 |
| 155 | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് | 666750 |
| 159 | വയോ ജനങ്ങൾക്ക് കട്ടിൽ നൽകൽ(എസ്സി) | 198720 |
| 244 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 275000 |

മേൽ ആനുകൂല്യങ്ങൾ നൽകുന്നതിനനുവദിച്ച് പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയി(GO(MS) 22/2018/LSGD Dt 14.02.2018) ൽ ഈ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പ്രധാന നിബന്ധന ഒരിക്കൽ ആനകൂല്യം നൽകിയവർക്ക് ആനുകൂല്യം നൽകാൻ പാടില്ല എന്നതാണ്.

എന്നാൽ 2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്റ്റുകൾപ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ മുമ്പ് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് നിർവഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ഇത്തരത്തിൽ മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം പഞ്ചായത്ത് എവിടെയും രേഖപ്പെടുത്തി സൂക്ഷിച്ചതായും കാണുന്നില്ല. തൻ വർഷത്തിൽ ആനുകൂല്യം നൽകിയവരുടെ വിവരവും ഇത്തരത്തിൽ ഭാവിയിലെ പരിശോധനക്ക് വേണ്ടി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായി.

മുൻ വർഷങ്ങളിൽ ആനുകൂല്യം നൽകിയവരുടെ വ്യക്തമായ വിവരം രേഖപ്പെടുത്തിയ രേഖകൾ ലഭ്യമല്ലാത്തതിനാൽ അനർഹർ ആനുകൂല്യം കൈപ്പറ്റിയോ എന്നത് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഒരിക്കൽ ആനുകൂല്യം നൽകിയവർക്ക് വീണ്ടും അതേ സഹായം നൽകുന്നത് സർക്കാർ ഉത്തരവുകൾ പ്രകാരം നിയന്ത്രിക്കപ്പെട്ടിട്ടുള്ള പ്രൊജക്ടുകൾ പഞ്ചായത്ത് നടപ്പാക്കുമ്പോൾ ആനുകൂല്യങ്ങൾ നൽകുന്നത് മുൻപ് ലഭിച്ചവർക്ക് അല്ല എന്ന് ഉറപ്പുവരുത്തുന്നതിന് മുൻ വർഷങ്ങളിൽ ഇതേ ആനുകൂല്യം നൽകിയവരുടെ വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടത് അനുവാര്യമാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/20-21 Dt 25.04.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400001281 നമ്പർ അക്കൗണ്ടിൽ 18.04.2022 ന് ₹ 735214 യും SBI അരീക്കോട് ശാഖയിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള 67097165521 നമ്പർ അക്കൗണ്ടിൽ 25.03.2022 ന് ₹ 51662 യും ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് എഞ്ചിനിയർക്ക് അനുവദിക്കുന്നത് എന്നതിനാൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

2019-20, 2020-21 വർഷത്തെ ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 01.04.2019 ന് ഈ അക്കൗണ്ടിൽ ₹268524 ആണ് നീക്കിയിരുപ്പ് ഉണ്ടായിരുന്നത് എന്ന് വ്യക്തമായി . തുടർന്ന് വരുന്ന രണ്ട് സാമ്പത്തിക വർഷങ്ങളിലാണ് ഈ അക്കൗണ്ടിൽ ഇത്രയും തുക ചെലവഴിക്കാതെ ബാക്കി വന്നത്. ഈ അക്കൗണ്ടിൽ ലഭിച്ച തുക വിതരണം ചെയ്യുന്നത് നിരീക്ഷിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആയതിനാൽത്തന്നെ നിലവിലുള്ള നീക്കിയിരുപ്പിൽ എത്ര തുകയുടെ ചെക്കുകൾ വിവിധ വ്യക്തികൾക്ക് / സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട് എന്നത് സംബന്ധിച്ചും എത്ര തുക അവശേഷിക്കുന്നുണ്ട് എന്നത് സംബന്ധിച്ചും അസിസ്റ്റന്റ് എഞ്ചിനിയർക്ക് വ്യക്തമായ വിവരം ഇല്ല.

ഇപ്രകാരം തന്നെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകളുടെ വ്യക്തത സംബന്ധിച്ച വിവരവും അക്കൗണ്ട് ഉടമയായ അസിസ്റ്റന്റ് എഞ്ചിനിയർക്ക് ഇല്ല. വിവിധ മരാമത്ത് പ്രവൃത്തികൾക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് പണം നൽകുമ്പോൾ കരാറുകാരിൽ നിന്ന് ഈടാക്കിയ ആദായ നികുതി TDS തുക ഈ അക്കൗണ്ടിൽ വരവ് വയ്ക്കുന്നുണ്ട് എന്നത് പരിശോധനയിൽ വ്യക്തമായി. എന്നാൽ ഇത്തരത്തിൽ വരവ് വയ്ക്കുന്ന നികുതി തുക അതാത് വകുപ്പുകളിലേക്ക് ഒടുക്ക് വരുത്തുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

രണ്ട് അക്കൗണ്ടുകളിലുമായി ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകി വിവരം അറിയിക്കേണ്ടതുമാണ്.

## 1-23 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്റ്റ് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനത്തിൽ അധികരിക്കാത്ത തുക കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 10.03.2019 ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്.

### പദ്ധതിയുടെ വിശദ വിവരങ്ങൾ

ഗുണഭോക്താക്കൾ - 125

ആകെ അടങ്കൽ - 7259600

പദ്ധതിയുടെ സാമ്പത്തിക വിശകലനം

| ഫണ്ട് | I Year | II Year | III Year | Total |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 678200 | 678200 | 678200 | 2034600 |
| പ്ലാൻ ഫണ്ട് | 300000 | 1550000 | 3000000 | 4850000 |
| സ്പോൺസർഷിപ്പ് | 125000 | 125000 | 125000 | 375000 |
| | | | | 7259600 |

### വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 1785600 |
| ചികിത്സ | 159000 |
| വിദ്യാഭ്യാസം | 90000 |
| ഭവന പുനരുദ്ധാരണം | 4850000 |
| വസ്ത്രം | 375000 |
| ആകെ | 7259600 |

### ചെലവ്

2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ നാളിതുവരെയുള്ള വരവ് ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 1358017 | 1096400 |

| | | |
|---|---|---|
| പ്ലാൻ ഫണ്ട് | 600000 | 600000 |

ചെലവിന്റെ ഇനം തിരിച്ച വിവരം

| | |
|---|---|
| ഭക്ഷണം | 1096400 |
| വീട് റിപ്പയർ | 600000 |
| ആകെ | 1696400 |

ചികിത്സ , വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്ക് നാളിതുവരെ പണമൊന്നും ചെലവഴിച്ചിട്ടില്ല എന്നാണ് ലഭ്യമാക്കിയ പത്രികയിൽ നിന്ന് വ്യക്തമാകുന്നത്.

**ഓഡിറ്റ് വിലയിരുത്തൽ**

**അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല**

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന പുനരുദ്ധാരണം, വസ്ത്രം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്ടിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രൊജക്ട് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിൽ വിജയം കൈവരിക്കാനായിട്ടില്ല.

ചികിത്സ , വിദ്യാഭ്യാസ മേഖലകളിൽ പ്രൊജക്ട് ഗുണഭോക്താക്കൾക്ക് സേവനങ്ങൾനൽകിയത് സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല.

ഭക്ഷണ കിറ്റ് വിതരണം ഒഴികെയുള്ള മറ്റ് സേവനങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടില്ല.

പ്രൊജക്ട് നടപ്പാക്കിയതിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | പ്രൊജക്ട് പ്രകാരം അംഗീകരിക്കപ്പെട്ട കുടുംബങ്ങൾ | വകയിരുത്തിയ തുക | ആനുകൂല്യം നൽകിയവർ | കുറിപ്പ് |
|---|---|---|---|---|
| ഭക്ഷണം | 125 | 1785600 | 125 | ചലഞ്ച് ഫണ്ട് ൽ നിന്ന് ₹ 1096400 ചെലവഴിച്ചു |
| ചികിത്സ | 106 | 159000 | 0 | പണം ചെലവഴിച്ചില്ല |
| വസ്ത്രം | 125 | 375000 | 0 | പണം ചെലവഴിച്ചില്ല |
| വിദ്യാഭ്യാസം | 30 | 90000 | 0 | പണം ചെലവഴിച്ചില്ല |
| വീട് റിപ്പയർ | 80 | 4850000 | 9 | പ്ലാൻഫണ്ടിൽ നിന്ന് ₹ 600000 ചെലവഴിച്ചു |

ഭക്ഷണ വിതരണം ഒഴികെ മറ്റെല്ലാറ്റിലും പദ്ധതി പ്രവർത്തനം വളരെ പരിതാപകരമാണ്. വീട് റിപ്പയറിൽ 11.25% മാത്രമാണ് ലക്ഷ്യം നേടാൻ സാധിച്ചത്.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവനം, പരിചരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എത്തിച്ചു നൽകുന്നതിലും അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

**പദ്ധതി നടത്തിപ്പിൽ അഗതി രഹിത കേരളം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.**

അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുഖ്യ പങ്കാളിത്തം നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നൽകേണ്ടത് അയൽക്കൂട്ടങ്ങൾ മുഖേനയാണ് എന്നും ഓരോ കുടുംബങ്ങളെയും സന്ദർശിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് പാലിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറെ നിയമിച്ചിട്ടുമില്ല. അതിനാൽത്തന്നെ ആരോഗ്യ രംഗത്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ച പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

പഞ്ചായത്തിലെ അശരണരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ഈ പ്രൊജക്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## <u>1-25 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല</u>

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീഅസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (2 /18.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## <u>1-26 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്.

സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാമ്പൽ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ടെണ്ടറിൽ ഉദ്യോഗസ്ഥൻ യാതൊരു സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല.

ടെണ്ടർ നടപടികളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ക്രമക്കേടുകൾക്ക് അവസരം ഉണ്ടാക്കിതിരിക്കാനുമായി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണ്.

## 1-27 കരിങ്കൽ പടവിന് (DR Masonry) അധിക നിരക്ക് നൽകി ₹ 5052 നഷ്ടം

2020-21 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പാലം കടവ് നിർമ്മാണം (55/21) എന്ന പ്രവൃത്തിക്ക് DSR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ ഇതിനുപകരം റോഡ് പ്രവൃത്തികൾക്ക് ബാധകമായ MORD SOR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയത്മൂലം പഞ്ചായത്ത് ഫണ്ടിന് ₹ 5052 അധികം ചെലവായി.

MORD SOR പ്രകാരം കരിങ്കൽ കെട്ട് (DR Masonry ) പ്രവൃത്തികൾക്ക് മലപ്പുറം ജില്ലക്ക് ബാധകമായ 31.06% കോസ്റ്റ് ഇൻഡക്സിൽ അനുവദിക്കാവുന്ന തുക 2620.47 ആണ്. എന്നാൽ DSR പ്രകാരം ഇതേ പ്രവൃത്തിക്ക് 31.06% കോസ്റ്റ് ഇൻഡക്സിൽ 2515.43 മാത്രമെ അനുവദിക്കാനാവൂ. ഇത്തരത്തിൽ ആകെ 46.839 $M^3$ കരിങ്കൽക്കെട്ടിന് തെറ്റായ നിരക്ക് അനുവദിച്ച് നൽകിയതമൂലമാണ് നഷ്ടം ഉണ്ടായത്. വിശദ വിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്

## 1-28 അധികം നൽകിയ ₹ 9838 തിരിച്ചടവാക്കി

20-21 വർഷത്തിൽ നടപ്പാക്കിയ GMUP സ്കൂൾ ഷീറ്റ് ഇടൽ പൂർത്തീകരണം ( 217/21 ) പ്രവൃത്തിയിൽ കരാറുകാരൻ ക്വോട്ട് ചെയ്ത ടെണ്ടർ കുറവ് വരുത്താതെ പണം നൽകിയതമൂലം പഞ്ചായത്തിന് അധികച്ചെലവായ ₹9838 ഓഡിറ്റ് എൻക്വയറി ( 25/28.04.2022) നൽകിയതിനെത്തുടർന്ന് പഞ്ചായത്തിൽ തിരിച്ചടവാക്കി. ( രസീത് നമ്പർ 1220100271/30.04.2022 )

## 1-29-1 സെന്റർ നം 1 ടൗൺ അംഗൻവാടി സുസജ്ജമാക്കൽ ( 223/21 )

Est No- 2019/75545

TS – 48793/2019-20 Dt 31.08.2019 (CI – 31.06%)

ഫണ്ട് - CFC ഗ്രാന്റ്

കോൺട്രാക്ടർ- ശ്രീ PP അബ്ദുറഹ്മാൻ

കരാർ - 69/AE/LSGD/AKD/19-20 Dt.04.03.2020 ( 0.56 Below Est Rate)

M Book – 61/20

മൂല്യനിർണ്ണയം- 87567.79 X112% = 98076

ചെലവ് - ₹98076 (വൗച്ചർ നം 22001115/09.11.2020 )

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് - @ 607.83 (Est.Item No 7)

| പ്രവൃത്തി | ഉപയോഗിച്ച ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @31.06 % , Tender Work | 22.062 | 13409.95<br>@ 607.83 | 10610.94<br>@480.96 | 2799x99.44%X112%=3117<br>(GST വിഹിതം നൽകിയ 12% വർദ്ധന വരുത്തി) |

അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-29-2 വിയറ്റ്നാം കോളനി അംഗനവാടിക്ക് മുകളില് ഷീറ്റ് ഇടൽ ( 172/21 )

Est No- 2019/75487

TS – 48376/2019-20 Dt 31.08.2019 (CI – 31.06%)

ഫണ്ട് - MG (NR)

കോൺട്രാക്ടർ- ശ്രീ മുഹമ്മദ് ഷാഫി P

കരാർ - 14/AE/LSGD/AKD/19-20 Dt.31.10.2019 ( 14.8 % Below Est Rate)

M Book – 97/19-20

മൂല്യനിർണ്ണയം-163763.35- 14.8% Below 139526.37 X112% = 156269.54

ചെലവ് – 70570 (വൗച്ചർ നം 22001188/12.04.2020)

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് - @ 607.83 (Est.Item No 2)

| പ്രവൃത്തി | ഉപയോഗിച്ച ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @31.06 % , Tender Work | 64.77 | 39369.15<br>@ 607.83 | 31151.78<br>@480.96 | 7001.20x112% = 7841<br>( GST വിഹിതം നൽകിയ 12% വർദ്ധന വരുത്തി) |

അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-29-3 GMUP സ്കൂൾ ഷീറ്റ് ഇടൽ പൂർത്തീകരണം ( 217/21 )

Est No- 2020/19695

TS – 118180/2019-20 (CI – 31.06%)

ഫണ്ട് - MG (NR)

കോൺട്രാക്ടർ- ശ്രീ യൂസുഫ് സി

കരാർ - 23/AE/LSGD/AKD/20-21 Dt.28.05.2020 ( 3.57 % Below Est Rate)

M Book – 475/20-21

മൂല്യനിർണ്ണയം-246074.49 - Below 139526.37 X112% = 156269.54

ചെലവ് - 275603 ( 22001258/29.03.2021)

ഷീറ്റ് പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് - @ 607.83 (Est.Item No 5)

| പ്രവൃത്തി | ഉപയോഗിച്ച ഷീററിന്റെ അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @31.06 % , Tender Work | 162.62 | 98845.31<br>@ 607.83 | 78213.72<br>@480.96 | 20631.59x96.43% = 19895.04 X112% = 22282<br>( GST വിഹിതം നൽകിയ 12% വർദ്ധന വരുത്തി) |

അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-29 തെറ്റായ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ഷീറ്റ് റൂഫിംഗ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി – അധികച്ചെലവ്.

ഷീറ്റ് റൂഫിംഗ് പ്രവൃത്തിയിൽ 0.35 Mm GI ഷീറ്റ് റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ തെറ്റായ നിരക്ക് അനുവദിച്ച് നൽകിയത്മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം .35 Mm ഷീറ്റ് പ്രവൃത്തിക്ക് നിരക്ക് ലഭ്യമല്ലാത്തതിനാൽ ഉപയോഗിച്ച ഒബ്സർവ്ഡ് ഡാറ്റയിൽ ആവശ്യമായതിലും കൂടുതൽ അളവ് സാധനങ്ങൾ, ലേബർ എന്നിവ അനുവദിച്ചതു മൂലമാണ് അധികച്ചെലവുണ്ടായത്.

DSR പ്രകാരം 0.5 Mm ഷീറ്റ് മേയുന്നതിനുള്ള നിരക്ക് അംഗീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായ അളവ് ഷീറ്റ്, ലേബർ എന്നിവ തന്നെയാണ് .35 Mm ഷീറ്റ് പ്രവൃത്തിക്കും ഉപയോഗിക്കേണ്ടത്. ഷീറ്റിന്റെ വില മാത്രമെ വ്യത്യാസപ്പെടുന്നുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Observed Data യിൽ സാധനങ്ങൾ, ലേബർ എന്നിവ DSR നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്കിൽ നൽകിയാണ് നിരക്ക് കണക്കാക്കിയത്.

DSR ഇനം 12.50 മായി താരതമ്യം ചെയ്തതിൽ 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് താഴെ നൽകുന്നു. (ലഭ്യമാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ അംഗീകരിച്ച ഷീറ്റ് വില തന്നെയാണ് പരിഗണിച്ചത്. മറ്റ് ഇനങ്ങൾ DSR Item 12.50 പ്രകാരമുള്ള നിരക്കുകളുമാണ് പരിഗണിച്ചത്)

| പ്രവൃത്തി ഇനം | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് |
|---|---|---|
| Roofing With GI Hard Colour Powder Coated Trafford Sheets 0.35 Mm Thick Or Nearest Available Size Etc...<br>DSR 2016, Cost Index @31.06 %, Tender Work | 607.83/ M2 | 480.96 |

2020-21 ൽ നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്ക് തെറ്റായ Observed Data കണക്കാക്കിയതിനാൽ ഉണ്ടായ അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.
മേൽ പരാമർശിച്ച അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/20-21 Dt. 28-04-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30-1 SOHSറോഡ് റി ടാറിംഗ് ( 116/21 )

Est No- 2018/76321

TS – 35595/2018-19 Dt 06.06.2018 ₹ 145000 (CI – 37.25%)

പൂർത്തീകരണകാലയളവ്- 6 മാസം ( TS )

കരാറുകാരൻ- ശ്രീ ഇ മുഹമ്മദ് അലി

കരാർ - 93/AE/LSGD/AKD Dt.01.02.2019 ( 1.4% കുറവ്)

PAC – 141532.27

സൈറ്റ് കൈമാറിയത്- 01.02.2019

M Book – 44/18-19

പൂർത്തീകരിച്ചത്- 03.02.2020

ചെലവ് - ₹138807 ( 22001143/12.04.2020 )

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 31.07.2018 | 03.02.2020 | വൈകിയത് - 6മാസം 3 ദിവസം.<br>ഈടാക്കേണ്ട പിഴ - 4340<br>[01.08.2019 To 31.10.2019 @ 1% Of PAC – 1415<br>01.11.2019 To 31.01.2020 @2% Of PAC – 2831<br>01.02.2020 To 03.02.2020 - 94 |

പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ₹ 4340 ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-30-2 ദേശസേവിനി നിലക്കടവ് റോഡ് റി ടാറിംഗ് ( 120/21 )

Est No- 2018/116022

TS – 94213/2018-19 Dt 14.10.2018 ₹ 150000 (CI – 37.25%)

പൂർത്തീകരണകാലയളവ്- 3 മാസം ( TS )
കരാറുകാരൻ- ശ്രീ ഇ മുഹമ്മദ് അലി
കരാർ - 109/AE/LSGD/AKD Dt.08.03.2019 ( Est Rate)
PAC – 148560.67
സൈറ്റ് കൈമാറിയത്- 08.03.2019
M Book – 36/20
പൂർത്തീകരിച്ചത്- 03.02.2020
ചെലവ് - ₹148561 ( വൗച്ചർ നം 22001142/12.04.2020 )
പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 07.06.2019 | 03.02.2020 | വൈകിയത് - 7മാസം 27 ദിവസം.<br>ഈടാക്കേണ്ട പിഴ - 6351<br>[08.06.2019 To 07.09.2019 @ 1% Of PAC – 1486<br>08.09.2019 To 07.12.2019 @2% Of PAC – 2971<br>08.12.2019 To 03.02.2020 @ 2% Of PAC - 58/91x2971-1894 |

പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ₹ 6351 ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-30-3 GHSS കാരിപ്പറമ്പ് റോഡ് റി ടാറിംഗ് ( 121/21 )

Est No- 2018/116023
TS – 92808/2018-19 Dt 11.10.2018 ₹ 150000 (CI – 37.25%)
പൂർത്തീകരണകാലയളവ്- 3 മാസം ( TS )
കരാറുകാരൻ- ശ്രീ ഇ മുഹമ്മദ് അലി
കരാർ - 110/AE/LSGD/AKD Dt.08.03.2019 ( Est Rate)
PAC – 149258.11
സൈറ്റ് കൈമാറിയത്- 08.03.2019
M Book – 38/20
പൂർത്തീകരിച്ചത്- 03.02.2020
ചെലവ് - ₹149258 ( വൗച്ചർ നം 22001144/12.04.2020 )
പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 07.06.2019 | 03.02.2020 | വൈകിയത് - 7മാസം 27 ദിവസം.<br>ഈടാക്കേണ്ട പിഴ - 6381<br>[08.06.2019 To 07.09.2019 @ 1% Of PAC – 1493<br>08.09.2019 To 07.12.2019 @2% Of PAC – 2985<br>08.12.2019 To 03.02.2020 @ 2% Of PAC – 58/91x2985.22-1903 |

പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ₹ 6381 ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-30-4 നെളിയംതടം അംഗനവാടി സുസജ്ജമാക്കൽ( 266/21 )

Est No- 2018/94678
TS – 60368/2018-19 Dt 01.07.2018 ₹ 100000 (CI – 37.25%)
പൂർത്തീകരണകാലയളവ്- 6 മാസം ( TS )
കരാറുകാരൻ- ശ്രീ ഇസ്മായിൽ P

കരാർ - 22/AE/LSGD/AKD Dt.25.09.2018 ( 10.999 % Below Est Rate)

PAC – 88848.32

സൈറ്റ് കൈമാറിയത്- 25.09.2018

M Book – 443/20-21

പൂർത്തീകരിച്ചത്- 20.10.2020

ചെലവ് - ₹84324 ( വൗച്ചർ നം 22000897/13.03.2021)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 24.03.2019 | 20.10.2020 | വൈകിയത് - 18മാസം 26 ദിവസം.<br>ഈടാക്കേണ്ട പിഴ - 11571<br>[25.03.2019 To 24.06.2019 @ 1% Of PAC – 1000 (Minmum Fine )<br>25.06.2019 To 24.09.2019 @2% Of PAC – 2000<br>25.09.2019 To 24.12.2019 @2% Of PAC- 2000<br>25.12.2019 To 24.03.2020 @2% Of PAC- 2000<br>25.03.2020 To 24.06.2020 @2% Of PAC- 2000<br>25.06.2020 To 24.09.2020 @2% Of PAC - 2000<br>25.09.2020 To 20.10.2020 @2% Of PAC 26/91x2000- 571 |

പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ₹ 11571 ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-30 പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിശ്ചിത നിരക്കിൽ പിഴ ഈടാക്കേണ്ടതാണെന്ന് കേരള PWD മാന്വലിലും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലറിലും വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയതിൽ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും സർക്കാർ നിർദ്ദേശപ്രകാരമുള്ള പിഴ ഈടാക്കാതെ കരാറുകാർക്ക് പണം നൽകിയതായി വ്യക്തമായി.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കുന്നതാണ് എന്നാണ് പ്രവൃത്തി കരാറിൽ വ്യവസ്ഥ ചെയ്തത്.

കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുവെങ്കിൽ ഇക്കാര്യം വ്യക്തമാക്കി കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ സ്ഥാപനം സമയം ദീർഘിപ്പിച്ച് നൽകുകയുമാണ് ചെയ്യേണ്ടത്.

പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത, പൂർത്തീകരണം വൈകിയ താഴെ പരാമർശിച്ച പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 24/ Dt 28.04.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്- അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ 20-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) **പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.**

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ പ്രൊജക്ടുകളിലായി ആകെ രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 176 | ആകെ അടങ്കൽ | 55237576 |
| നടപ്പിലാക്കിയത് | 133 | ചെലവ് | 30931859 |
| ശതമാനം | 75.5% | ചെലവ് ശതമാനം | 55.9% |

**II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.**

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.**

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

**IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടേയും അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) **രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

**1)കാഷ് ബുക്ക്**

2020-21 വർഷത്തെ കാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയത് പരിശോധിച്ചതിൽ കാഷ് ബുക്കിൽ വ്യക്തമായ വിവരങ്ങൾ ചേർക്കാതെയാണ് കാണപ്പെട്ടത്. ചെലവിന്റെ വ്യക്തമായ വിവരങ്ങൾ കാഷ്ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

**2)ടെണ്ടർരജിസ്റ്റർ**

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും , അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

**VI)പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.**

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരിങ്കൽ പടവിന് (DR Masonry) അധിക നിരക്ക് നൽകി ₹5052 നഷ്ടം

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്കും അതിനോടനുബന്ധിച്ച മറ്റ് പ്രവൃത്തികൾക്കും MORD/MORTH SOR പ്രകാരവും മറ്റ് പ്രവൃത്തികൾക്ക് DSR പ്രകാരവുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്.

2020-21 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പാലം കടവ് നിർമ്മാണം (55/21) എന്ന പ്രവൃത്തിക്ക് DSR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ റോഡ് പ്രവൃത്തികൾക്ക് ബാധകമായ MORD SOR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

MORD SOR പ്രകാരം കരിങ്കൽ കെട്ട് (DR Masonry ) പ്രവൃത്തികൾക്ക് മലപ്പുറം ജില്ലക്ക് ബാധകമായ 31.06% കോസ്റ്റ് ഇൻഡക്സിൽ അനുവദിക്കാവുന്ന തുക 2620.47 ആണ്. എന്നാൽ DSR പ്രകാരം ഇതേ പ്രവൃത്തിക്ക് 31.06% കോസ്റ്റ് ഇൻഡ്ക്സിൽ 2515.43 മാത്രമെ അനുവദിക്കാനാവൂ.

DSR പ്രകാരം തയ്യാറാക്കേണ്ട എസ്റ്റിമേറ്റ് തെറ്റായി MORD SOR പ്രകാരം തയ്യാറാക്കിയതുമൂലം DR Masonry പ്രവൃത്തിക്ക് അധികം പണം നൽകാൻ ഇടയായിട്ടുണ്ട്.

അധികം നൽകിയ തുകുയുടെ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രൊ.നം | പ്രവൃത്തി | DR പ്രവൃത്തി ചെയ്ത അളവ് ($M^3$) | നൽകിയത് @2620.47/$M^3$ | നൽകാവുന്നത് @2515.43/$M^3$ | 12% GST ഉൾപ്പെടെ അധികം നല്കിയത് |
|---|---|---|---|---|---|---|
| 1 | 55/21 | പാലം കടവ് നിർമ്മാണം (55/21)<br>TS No – 2436/20-21 Dt 29.04.2020 ₹ 200000<br>Contractor -ശ്രീ അഷ്റഫ് ചിറയിമ്മൽ<br>കരാർ നം. 17/AE/LSGD/AKD Dt 26.05.2020 ( 8.31 % കുറവ്)<br>M Book – 08/20-21<br>മൂല്യനിർണ്ണയം - 158739.69+19048.76<br>ചെലവ് - 174785 (Che No 0152024)/9.11.20 | 46.839 | 122740.19 | 117820.23 | 4919.96x91.69% = 4511.11 X 112 %= 5052 |

അധികമായി നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ , സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 21/27.04.2022 ) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 25-04-2022 മുതൽ 26-04-2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 255000 | പ്രൊജക്റ്റ് നമ്പർ: 10 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധന സഹായം നൽകൽ. | 255000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1540000 | പ്രൊജക്റ്റ് നമ്പർ: 3 ലൈഫ് ഭവന പദ്ധതി ജനറൽ | 1540000 | |
| ബ്ലോക്ക് പഞ്ചായത്ത് | 198720 | പ്രൊജക്റ്റ് നമ്പർ: 159 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ എസ് സി | 198720 | |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പ്രൊജക്റ്റ് നമ്പർ: 243 ഭൂരഹിത ഭവന രഹിതർക്ക് വീടിനി സ്ഥലം വാങ്ങൽ | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 976500 | പ്രൊജക്റ്റ് നമ്പർ: 287 സൌത്ത് പുത്തലം കളിസ്ഥലത്തിന് അഡീഷണൽ സ്ഥലം വാങ്ങൽ | 976500 | |
| ആകെ | 3170220 | | | |
| ജില്ലാ പഞ്ചായത്ത് | 750000 | പ്രൊജക്റ്റ് നമ്പർ: 10 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധന സഹായം നൽകൽ. | 750000 | 0 |
| ജില്ലാ പഞ്ചായത്ത് | 63220 | പ്രൊജക്റ്റ് നമ്പർ: 1 നെൽകൃഷി വികസനം | 63220 | 0 |
| ജില്ലാ പഞ്ചായത്ത് | 1500000 | പ്രൊജക്റ്റ് നമ്പർ: 160 പഞ്ചായത്ത് വക പൊതു സ്ഥലം വാങ്ങൽ | 1500000 | 0 |
| ആകെ | 2313220 | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | അരീക്കോട് കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രാബ്യൂഷ്യൻ ലൈൻ കുടിവെള്ള ക്ഷാമമുള്ള ഏരിയയിലേക്ക് നീട്ടൽ(125/21) | 2015095201 1200164905 Dtd 11.04.2020 | 710000 | 710000 | പൂർത്തീകരിച്ചു. | 0 |
| KWA | ജലജീവൻ മിഷൻ ഗാർഹിക കുടിവെള്ള കണക്ഷൻ- പഞ്ചായത്ത് വിഹിതം(264/21) | 5092819601200070 Dtd 28.03.21 5092819601200071 Dtd28.03.21 | 1150000 750000 | 1900000 | പൂർത്തീകരിച്ചു. | 00 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | കെ യു ആർഡി എഫ് സി | KURDFC/RD/1700770/07 | 00 | 38892 | 37732 | 1160 | 00 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-21 2-22 2-20 2-30 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| 2000-01(Exp) | 2-21<br>2-22 | 2006-07 | | നോട്ട് ബുക്ക് നിർമാണ യൂണിററുകൾ | " |
| 1999-00 (Exp) | 2-30 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ 1210000 | " |
| 2000-01 | 2-20 | 2006-07 | | KSEB വിവിധ സ്ഥലങ്ങളിലേയ്ക്ക് ലൈൻ നീട്ടൽ 397000 | " |
| 1999-00 | 2-23 | 2006-07 | | KWA ഡെപ്പോസിററ് വിവിധ പദ്ധതികൾ | " |
| 2000-01 | 2-30 | 2006-07 | | വൗച്ചറുകൾ ഹാജരാക്കിയില്ല | " |
| 1999-00 | 2-24 | 2006-07 | | വൗച്ചറുകൾ ഹാജരാക്കിയില്ല | " |
| | | 2012-13 | | പ്രവർത്തനക്ഷമത റിപ്പോർട്ട് (തൊഴിലുറപ്പു പദ്ധതി) | " |
| 2013-14<br>14-15 | 3-1 | 2015-16 | | വെള്ളക്കരം അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(9) | 2016-17 | | തൊഴിൽ നികുതി-അപാകതകൾ | " |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 25 | പി ലത സെക്രട്ടറി | LF 6458/ Spl.Cell/SC5/06/19.09.2000/25.09.2000 | 36067/- | -- | -- | -- | -- | -- | 36067/- |

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2010-11 | 3-15 | ശ്രീ.ഉണ്ണികൃഷ്ണൻ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ആരോഗ്യ വകുപ്പ്. | LF 17736/ Spl.Cell/SCC/D1/13/15.4.15 | 35000/- | -- | -- | -- | -- | -- | 35000/- |
| 2 | 1996-97 | 48(1)(3),(4)49(2)(3)50,51(1)(2)52,55 | വി ലത സെക്രട്ടറി | LF 167196/Spl.Cell/SC3/2000 07.02.02 | 3028 | 240(Para 50) 37223/43/02.12.04 | | | | 240 | 2788 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 146472425 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82199286 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5052 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2170900 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2526 | ശ്രീ ഗിരീഷ് അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 2526 | ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയർ |
| ആകെ | | 5052 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 270900 | ശ്രീ പി അരവിന്ദൻ ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 1900000 | ശ്രീ പി അരവിന്ദൻ ,അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 2170900 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഗിരീഷ് | അസിസ്റ്റന്റ് എഞ്ചിനിയർ, അരീക്കോട് ഗ്രാമ പഞ്ചായത്ത്. | പുൽപ്പറമ്പിൽ ഹൗസ്, ഈസ്റ്റ് വാഴയൂർ, വാഴയൂർ (പി.ഒ), 673633 |
| ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയർ | അസ്സി.എക്സി.എഞ്ചിനിയർ, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്. | ഉമ്മിണിയിൽ വീട്, കുറ്റൂളി, വാലില്ലാപുഴ (പി.ഒ), മലപ്പുറം-673639 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം13/989/99തീയതി.30.9.03 | 24 |
| 1997-98 | എൽ എഫ് എം13/692/0തീയതി30.9.2003 | 16 |
| 1998-99 | എൽ എഫ് എം8/123/04തീയതി.6.10.14 | 11 |
| 1999-00 | എൽ എഫ് എം7/367/15തീയതി19.5.15 | 25 |
| 2000-01 ചെലവ് | എൽ എഫ് എം15/103/06തീയതി.8.8.16 | 34 |

| | | |
|---|---|---|
| 2000-01 വരവ് | എൽ എഫ് എം15/483/07തീയതി.23.3.07 | 6 |
| 2001-02 | എൽ എഫ് എ9/1662/11തീയതി.6.6.12 | 6 |
| 2002-03 | എൽ എഫ് എം15/687/08തീയതി31.12.08 | 15 |
| 2003-04 | എൽ എഫ് എം15/688/08തീയതി.31.12.08 | 13 |
| 2004-05 | എൽ എഫ് എം15/689/08തീയതി.31.12.08 | 22 |
| 2005-06 | എൽ എഫ്എം7/1666/11തീയതി.19.8.13 | 11 |
| 2006-07 | എൽ എഫ് എം7/1667/11തീയതി.19.8.13 | 7 |
| 2007-08 | എൽ എഫ്എം7/1668/11തീയതി.19.8.13 | 8 |
| 2008-09 | എൽ എഫ് എം7/2552/11തീയതി.19.8.13 | 5 |
| 2009-10 | എൽ എഫ് എം7/2552/11തീയതി16.8.13 | 3 |
| 2010-11 | എൽ എഫ് എം7/794/13തീയതി.23.9.13 | 20 |
| 2011-12, 12-13 | എൽ എഫ് എം7/2557/14തീയതി.16.12.14 | 10 |
| 2013-14 2014-15 | കെഎസ്എഎം പി എം7/739/16 തീയതി 22.05.17 | 9 |
| 2015-16 | കെ എസ് എ എം പി എം7/3014/16 തീയതി.24.02.18 | 5 |
| 2016-17 | കെ എസ് എ എം പി എം7/2175/17 തീയതി.24.07.18 | 9 |
| 2017-18 | കെ എസ് എ എം പി എം7/2613/17 തീയതി.29.11.18 | 23 |
| 2018-19 | നം.കെ.എസ്.എ/എം.പി.എം.7/2858/19 തീയതി.4-1-20 | 14 |
| 2019-20 | നം.കെ.എസ്.എ/ എം.പി.എം.7/914/21തീയതി.30-06-21 | 23 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്